**വിമതലൈംഗികതകളെ യഥാർത്ഥ ലൈംഗികതയുടെ അപരമായി കാണുന്ന മുഖ്യധാരാ ലൈംഗികഭാവനയുടെ മുഖംമൂടി വലിച്ചുകീറുകയെന്നതാണ് വിമത ലൈംഗികതാ രാഷ്ട്രീയത്തിന്റെ മുഖ്യധർമ്മമെന്ന് വി. മുരളീധരൻ**

# ന്യൂനപക്ഷങ്ങൾ ഉണ്ടാകുന്നത്...

**ന്യൂനപക്ഷം** എന്നത് സമകാലീന രാഷ്ട്രീയ സംവാദങ്ങളിൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്ന ഒരു പദമാണ്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള ആദ്യാഹ്വാനങ്ങളിൽ ഈ പദം ഏറെ ഉപകാരപ്രദമായിത്തീരുന്നുവെന്നതിൽ സംശയമില്ല. എന്നാൽ തുടർചർച്ചകളിലും അവയുടെ സാമൂഹ്യവിന്യാസങ്ങളിലും ചിരപ്രതിഷ്ഠ നേടുമ്പോൾ തത്തുല്യമായ രാഷ്ട്രീയപ്രസക്തി നിലനിർത്താൻ ഈ ആശയത്തിനാകുന്നുവോ എന്നത് വിശകലനമർഹിക്കുന്നു. മുഖ്യധാരാ വ്യവഹാരങ്ങൾ തമസ്കരിച്ച മനുഷ്യാവകാശങ്ങളുടെ ആദ്യാവിഷ്കാരങ്ങളിൽ ഏറെ പ്രസക്തമാകുന്ന ഇത്തരമൊരു വിശേഷണം കാലക്രമത്തിൽ പ്രതിലോമകരമായ ചില ഭൂമികകളിലേക്കു വഴുതിവീഴുന്നില്ലേയെന്ന സംശയത്തെ പ്രബലമാക്കുന്ന ഏറെ സൂചനകൾ സമകാലീനസാമൂഹ്യവ്യവഹാരങ്ങളിൽ നിന്ന് ഉയരുന്നുണ്ട്.

തൊണ്ണൂറുകളുടെ രണ്ടാംപകുതിയോടെയാണ് ലൈംഗികന്യൂനപക്ഷമെന്ന ആശയം കേരളത്തിലെ രാഷ്ട്രീയചർച്ചകളിൽ പ്രത്യക്ഷപ്പെടുന്നത്. വിമതലൈംഗികതയുടെ രാഷ്ട്രീയം ഇന്ത്യയിലെ വൈജ്ഞാനികസംവാദങ്ങളിൽ ഇടംകണ്ടെത്തുന്നത് 90കളുടെ ആദ്യത്തിൽ 'ബോംബെ ദോസ്ത്' എന്ന പത്രിക പ്രസിദ്ധീകരണമാരംഭിച്ചതോടെയാണ്. ഏറെ താമസിയാതെ നഗരകേന്ദ്രീകൃതമായ ചില ഇംഗ്ലീഷ് മാധ്യമങ്ങളും ഈ വിഷയത്തിന് പ്രാമുഖ്യം നൽകാനാരംഭിച്ചു. ഈ ആദ്യസംവാദങ്ങളിൽ ന്യൂനപക്ഷമെന്ന ആശയം വിരളമായി മാത്രമേ പ്രതിപാദിക്കപ്പെടുകയുണ്ടായുള്ളൂ. എന്നാൽ തുടർന്നുള്ള കാലയളവിൽ എയ്ഡ്സ് പ്രതിരോധമേഖലയിലേക്ക് അന്താരാഷ്ട്ര സാമ്പത്തിക സ്രോതസ്സുകളും സംഘടനകളും കടന്നുവന്നതോടെ 'ന്യൂനപക്ഷ ലൈംഗികത' ശ്രദ്ധേയമായ ഒരു രാഷ്ട്രീയപ്രസ്ഥാനത്തിന്റെ രൂപമാർജിക്കുകയും മാധ്യമചർച്ചകളിൽ സജീവമായൊരു സാന്നിദ്ധ്യമായി പരിണമിക്കുകയും ചെയ്തു. ഇത് ഒരു പരിധിവരെയെങ്കിലും വിമതലൈംഗികതകളെക്കുറിച്ചു നിലവിൽ വന്നിരുന്ന നിശ്ശബ്ദതയെ ഭഞ്ജിക്കുന്നതിനും അത്തരം താൽപര്യങ്ങൾ ഉള്ളവർക്കു നേരെ നിലനിന്നിരുന്ന വിവേചനമനോഭാവങ്ങളിൽ നേരിയ മാറ്റങ്ങളെങ്കിലും വരുത്തുന്നതിനും സഹായകമായി എന്നതിൽ സംശയമില്ല. അതേസമയം എല്ലാ നിശ്ശബ്ദതകളും ശബ്ദങ്ങളുടെ സൃഷ്ടിയല്ലേ എന്നൊരു ചോദ്യവും പ്രസക്തമാണ്. സാമൂഹ്യസംവാ



ദങ്ങളും (വിദ്യാഭ്യാസം, വൈദ്യശാസ്ത്രം എന്നിവയുൾപ്പെടെ) മാധ്യമചർച്ചകളും ഒക്കെ ചേർന്നു നിർമ്മിച്ച ശബ്ദകോലാഹലം തന്നെയല്ലേ വിമത ലൈംഗികതകളെ ചൂഴ്ന്നുനില്ക്കുന്ന ആധുനികനിശ്ശബ്ദതയുടെ മുഖ്യശില്പികൾ. അതുകൊണ്ട് ഇന്ന് ഇതേ വ്യവഹാര സമുച്ചയങ്ങൾ വിമതലൈംഗികതകളെക്കുറിച്ചുയർത്തുന്ന പുതിയ ശബ്ദചിത്രങ്ങൾ ഏതെല്ലാം തരത്തിലുള്ള പുതിയ നിശബ്ദതകളെക്കൂടി സൃഷ്ടിക്കുന്നുവെന്നതും അന്വേഷണമർഹിക്കുന്നു.

ഏതായാലും കേരളത്തിലെ പത്ര-ദൃശ്യമാധ്യമങ്ങൾ ഇന്ന് 'ന്യൂനപക്ഷ' ലൈംഗികാവകാശങ്ങൾക്ക് അനുകൂലമായൊരു മനോഭാവമാണ് പൊതുവേ സ്വീകരിച്ചുകാണുന്നത്. ഇവിടുത്തെ ഏതാണ്ടെല്ലാ ടെലിവിഷൻ ചാനലുകളും ഈ വിഷയത്തെക്കുറിച്ചുള്ള ചർച്ചകളും മറ്റു പരിപാടികളും ഇടയ്ക്കിടെ സംപ്രേക്ഷണം ചെയ്യുന്നതിലൂടെ 'ലൈംഗികന്യൂനപക്ഷ"ങ്ങൾക്ക് സാമാന്യം നല്ല സാമൂഹ്യദൃശ്യത നൽകാൻ ശ്രമിക്കുന്നതായും കാണാം. പൗരസ്ത്യവിമതരാഷ്ട്രീയത്തിലെ coming out അഥവാ 'പുറത്തുവരൽ' എന്ന സമരമാർഗ്ഗം ഇത്തരം ദൃശ്യവത്കരണങ്ങളിൽ ഫലവത്താകുന്നുണ്ട്. എന്നാൽ നമ്മുടെ സാമൂഹ്യപരിണാമചരിത്രത്തിലേക്ക് പുതുതായി എഴുതിച്ചേർക്കപ്പെടുന്ന സ്വത്വമാതൃകകളും രാഷ്ട്രീയസാധ്യതകളോടൊപ്പംതന്നെ അവയുടെ പരിധികളും പരിമിതികളും കൂടി ചർച്ചാവിഷയമാക്കേണ്ടതുണ്ട്. പ്രത്യേകിച്ചും ലൈംഗികന്യൂനപക്ഷ സ്വത്വാവിഷ്കാരങ്ങളുടെ പ്രതിലോമ രാഷ്ട്രീയസാദ്ധ്യതകൾ കൂടി ചർച്ചാവിഷയമാക്കേണ്ട സമയമായിരിക്കുന്നുവെന്ന് അടുത്തകാലത്തു നടന്ന ഒരുപാടു സംഭവങ്ങൾ നമ്മെ ഓർമ്മിച്ചിരുന്നു. എയ്ഡ്സ് ബോധവത്കരണപ്രവർത്തകനായിരുന്ന അനിലിന്റെ നിഷ്ഠൂരമായ കൊലപാതകം ഇതിലൊന്നുമാത്രം.

**ലൈംഗിക ന്യൂനപക്ഷം എന്ന വാദത്തിന്റെ അടിസ്ഥാനം തന്നെ ഭൂരിപക്ഷത്തിന്റേതായ ഒരു മുഖ്യധാരാ ലൈംഗികതയുണ്ടെന്ന അബദ്ധജഡിലമായ അനുമാനമാണ്. ന്യൂനപക്ഷമില്ലാത്ത ഭൂരിപക്ഷത്തിന് നിലനിൽക്കാൻ കഴിയില്ലല്ലോ. തിരിച്ചറിയപ്പെടുന്ന ഒരു ന്യൂനപക്ഷത്തിന്റെ അപരഭാവമായിട്ടാണ് ഭൂരിപക്ഷം നിർവചിക്കപ്പെടുന്നത്**

ലൈംഗിക ന്യൂനപക്ഷം എന്ന വാദത്തിന്റെ അടിസ്ഥാനം തന്നെ ഭൂരിപക്ഷത്തിന്റേതായ ഒരു മുഖ്യധാരാ ലൈംഗികതയുണ്ടെന്ന അബദ്ധജഡിലമായ അനുമാനമാണ്. ന്യൂനപക്ഷമില്ലാതെ ഭൂരിപക്ഷത്തിന് നിലനിൽക്കാൻ കഴിയില്ലല്ലോ. തിരിച്ചറിയപ്പെടുന്ന ഒരു ന്യൂനപക്ഷത്തിന്റെ അപരഭാവമായിട്ടാണ് ഭൂരിപക്ഷം നിർവചിക്കപ്പെടുന്നത്. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ സുവിദിതവും മാന്യവും വ്യക്തവും ആയ ഒരു ഭൂരിപക്ഷ ലൈംഗികതയെ ഭാവനയിലൂടെ സൃഷ്ടിക്കുകയെന്ന മഹദ്കൃത്യമാണ് ന്യൂനപക്ഷ ലൈംഗികത എന്ന ആശയം നിർവഹിക്കുന്ന പ്രധാന സാമൂഹ്യധർമ്മം. ആൺകോയ്മ അനുശാസിക്കുന്ന അധികാര - ആധിപത്യ ഘടനകളിലൂന്നി പ്രജനനോന്മുഖമായ ചില ലൈംഗികഭാഷകളിലൂടെ സംവദിക്കുന്ന ആണ്മയും അതിനോടു നൂറു ശതമാനം വിധേയത്വത്തിലൂടെ പ്രതികരിക്കുന്ന പെണ്മയുമാണ് ഈ ഭാവനാഖ്യാനത്തിലെ പ്രധാന കഥാപാത്രങ്ങൾ. സമകാലീനലിംഗശാസ്ത്രപഠനങ്ങളും മനഃശാസ്ത്രചർച്ചകളും ഈ മുഖ്യധാരാ ലൈംഗിക ഭാവനയെ പലവിധത്തിൽ വിശകലന വിധേയമാക്കിയിട്ടുണ്ട്. നിരന്തരമായ ആവർത്തനാഭിപ്രായങ്ങളിലൂടെ മാത്രമെ ഇത് സ്ഥിരീകരിക്കുകയുള്ളൂ. ആൺ-പെൺ വാർപ്പുമാതൃകകളുടെ നിരാകരണത്തിലൂടെ മാത്രമേ ലിംഗവിവേചനങ്ങളോട് ഫലപ്രദമായി പ്രതികരിക്കാനും വിവേചനവിരുദ്ധമായ പുതിയ സ്വത്വാവിഷ്കാരങ്ങൾക്കുള്ള സാധ്യത തുറക്കാനും കഴിയൂ എന്ന് വെർജീനിയ വുൾഫ് മുതൽ ജൂഡിത് ബട്ലർ വരെയുള്ള സ്ത്രീവാദികൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ഇത്തരം തിരിച്ചറിവുകളെ ഏറെക്കുറെ തമസ്കരിക്കുന്ന രീതിയിലാണ് 'ലൈംഗികന്യൂനപക്ഷം' എന്ന ആശയം പല സമകാലീനചർച്ചകളിലും സ്വത്വാവിഷ്കാരങ്ങളിലും വിന്യസിക്കപ്പെടുന്നത്. പ്രസ്തുത സംവാദങ്ങളും ആവിഷ്കാരങ്ങളും കൂടുതൽ ദൃശ്യത നേടുമ്പോൾ അദൃശ്യശക്തിയാർജിക്കുന്നതാകട്ടെ തികച്ചും വിവേചനപരമായ ഭൂരിപക്ഷ ലൈംഗികമാതൃകകളാണുതാനും. തൽഫലമായി മനുഷ്യരുടെ ലൈംഗികാനുഭവ സാധ്യതകൾ ഇടുങ്ങിയ വാർപ്പുമാതൃകകളിൽ ഒതുക്കപ്പെടുക മാത്രമല്ല എല്ലാത്തരം ലൈം

ഗികതകളും ആ അധികാരത്തിന്റെ കർക്കശ രൂപകങ്ങളിലൂടെ മാത്രം ആവിഷ്കരിക്കപ്പെടുന്നൊരു അവസ്ഥ സംജാതമാകുകയും ചെയ്യുന്നു. ഇപ്പോൾ ഇന്റർനെറ്റിന്റെ ഗേ ഡേററിങ്ങ് സൈറ്റുകളിൽ വ്യപകമായി കാണുന്ന ഒന്നാണ് "താങ്കൾ ടോപ്' ആണോ 'ബോട്ടം' ആണോ" എന്ന ചോദ്യം. ടോപ് എന്നാൽ ആണിന്റെയും ബോട്ടം എന്നാൽ പെണ്ണിന്റെയും ഭൂമികകൾ ലൈംഗികപ്രക്രിയയിൽ അഭിനയിക്കുന്ന ആൾ എന്നർത്ഥം. എത്ര നിഷ്കളങ്കമായിട്ടാണ് ഇത്തരം ചോദ്യങ്ങൾ നിലവിലുള്ള ലിംഗാധികാരമാതൃകകളെ സ്ഥിരീകരിക്കുന്നതെന്നത് ശ്രദ്ധിക്കുക.

ഇതോടൊപ്പം തന്നെ പരിശോധന അർഹിക്കുന്നവയാണ് ന്യൂനപക്ഷസംവാദങ്ങളിലുടെ നിലവിൽ വരുന്ന സ്വത്വാവിഷ്കാരങ്ങൾ. നിലവിലുള്ള മിക്കവാറും എൻജിഒ കളും മറ്റു സന്നദ്ധസംഘടനകളും ഗേ, ക്വീയർ തുടങ്ങിയ ഇംഗ്ലീഷ് പദങ്ങൾ ഒഴിവാക്കുന്നുണ്ടെങ്കിലും MSM (Men who have sex with Men) എന്ന വിശേഷണത്തിലൂടെ സ്വത്വനിർവചനത്തെ ലൈംഗികാഭിരുചിയുമായി അതിശക്തമായ രീതിയിൽ കൂട്ടിവായിക്കുന്നുണ്ട്. ഇവരുടെ ടാർജെറ്റ് ഗ്രൂപ്പായി മിക്കവാറും തിരഞ്ഞെടുക്കപ്പെടുന്നത് ഏതെങ്കിലും വിധത്തിൽ ലൈംഗിക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആണുങ്ങളെയാണ്. ഇവരിൽത്തന്നെ ഏറ്റവും ദൃശ്യത നേടുന്നതാകട്ടെ 'പെൺസ്വഭാവം' എന്നു വായിക്കപ്പെടുന്ന ശരീരഭാഷയുള്ളവരും. ഈ വിധത്തിലുള്ളൊരു ന്യൂനപക്ഷനിർമ്മിതി പുതിയൊരു 'ലൈംഗിക 'കീഴാള' സംസ്കാരത്തിനു ജന്മം നൽകുന്നതോടൊപ്പംതന്നെ മേൽപറഞ്ഞ രീതിയിൽ സ്വത്വാഖ്യാനങ്ങൾ നടത്താത്ത എല്ലാവരേയും 'ന്യൂനപക്ഷ'പദവിയിൽനിന്നും നിരുപാധികം വിമുക്തരാക്കുകയും ചെയ്യുന്നു. ആൺ ലൈംഗികതൊഴിലാളികളുടെ സ്ഥിരം ഉപഭോക്താക്കളായ പൗരുഷമുള്ള ആണുങ്ങളെ മിക്കപ്പോഴും ഒരു ഹൈ റിസ്ക് ഗ്രൂപ്പ് ആയിട്ടുപോലും എയിഡ്സ് മേഖലയിൽ പ്രവർത്തിക്കുന്ന പല സംഘടനകളും അടയാളപ്പെടുത്തുന്നില്ല എന്നത് അതിശയകരമായൊരു വസ്തുതയാണ്. എല്ലാ മനുഷ്യസമൂഹങ്ങളിലും നിലനിൽ ക്കുന്ന സങ്കീർണ്ണമായ ലൈംഗികാഭിരുചികളെയും അനുഭവസാധ്യതകളേയും സമ്പൂർണ്ണമായി തമസ്കരിക്കുന്നതോടൊപ്പം ഏകതാനവും വ്യാജവുമായ ഒരു ഭൂരിപക്ഷ മാതൃക വിറ്റഴിക്കാനും ഈ പ്രക്രിയകൾക്ക് സാധിക്കുന്നുവെന്നത് പ്രത്യേകം പറയേണ്ടല്ലോ.

അടുത്തകാലത്ത് ന്യൂനപക്ഷ ലൈംഗികതയുമായി ബന്ധപ്പെട്ട പല ടെലിവിഷൻ ചർച്ചകളിലെയും മുഖ്യ ദൃശ്യാകർഷണം വർണാഭമായ സാരികളും മേക്കപ്പും ആഭരണങ്ങളും വിഗ്ഗുമെല്ലാം ധരിച്ച് പ്രത്യക്ഷപ്പെട്ട ആണുങ്ങൾ ആയിരുന്നു. ചില അവതാരകർ തങ്ങളുടെ നിഷ്പക്ഷത അടിവരയിട്ടു പ്രഖ്യാപിച്ചെങ്കിലും പരോക്ഷമായി ഇത്തരക്കാരുടെ അവകാശങ്ങളോട് അനുഭാവപൂർണ്ണമായ ഒരു സമീപനമാണ് ഈ പരിപാടികളിൽ പൊതുവേ കാണപ്പെട്ടത്. അതേസമയം പ്രസ്തുത പരിപാടികളുടെ ദൃശ്യവിന്യാസങ്ങലുടെ ഫോക്കസ് ഈ വ്യക്തികളുടെ വ്യത്യസ്ഥതയെ ഒരു ദൃശ്യാഘോഷം ആക്കി മാറ്റുന്നതിൽ മാത്രമായിരുന്നുവെന്നതും ശ്രദ്ധയർഹിക്കുന്നു. അങ്ങിനെ പരിശുദ്ധമായ മുഖ്യധാരാസ്വത്വങ്ങളിൽനിന്നും അയിത്തപ്പാടകലെ ഒതുങ്ങിനിന്നുകൊണ്ടു മാത്രം സ്വന്തം അവകാശങ്ങൾക്കുവേണ്ടി വാദിക്കാൻ പാടുള്ള ഒരു കീഴാളലൈംഗികതയെ ആണ് പരോക്ഷമായിട്ടെങ്കിലും ഈ പുതിയ ദൃശ്യവിന്യാസങ്ങൾ ഫലത്തിൽ നിർവചിക്കുന്നത്.

മറ്റെല്ലാ വ്യക്തിത്വരൂപീകരണങ്ങളെയും പോലെ ലൈംഗികസ്വത്വരൂപീകരണവും സാമൂഹ്യരചനകൾ മാത്രമാണെന്ന തിരിച്ചറിവിനെ പ്രായേണ നിരാകരിക്കുന്നവയാണ് ഈ പുതിയ ദൃശ്യതകൾ. അതോടൊപ്പം തന്നെ വിമതലൈംഗികാഭിരുചികൾ അനുഭവിക്കുന്ന വ്യക്തികളുടെ സ്വത്വാന്വേഷണങ്ങൾക്കു മുമ്പിൽ അരക്ഷിതവും പ്രായോഗികതലത്തിൽ അനാരോഗ്യ സാദ്ധ്യതകൾ നിറഞ്ഞതുമായ ചില വഴിത്താരകൾ മാത്രം തുറന്നിടുന്നതിലും ഈ പുതിയ സംവാദങ്ങൾ വഹിക്കുന്ന പങ്കു ചെറുതല്ല. പുതിയ ലൈംഗികന്യൂനപക്ഷ വ്യവഹാരത്തിന്റെ ഭാഷയിൽ സ്വന്തം സ്വത്വവിചാരം നടത്തുന്നവരിൽ നല്ലൊരുശതമാനവും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാമ്പുറങ്ങളിൽ കഴിയുന്നവരാണ്. മുഖ്യധാരാ സമൂഹം വാഗ്ദാനം ചെയ്യുന്ന സാധാരണ സൗകര്യങ്ങളും സുരക്ഷിതത്വവും നഷ്ടപ്പെടുത്തി മാത്രമെ ഇവർക്ക് ലൈംഗികതയിൽ മാത്രം ഊന്നിയൊരു സ്വത്വാവിഷ്കാരം സാധ്യമാകുന്നുള്ളൂ. ഇത് പലപ്പോഴും തികച്ചും അരക്ഷിതവും അനാരോഗ്യകരവുമായ ജീവിതശൈലികളിലും സാഹചര്യങ്ങളിലുമാണ് എത്തിക്കുന്നത്.

അതേസമയം നിലവിലുള്ള ആൺകോയ്മയേയോ ലിംഗവിവേചനത്തേയോ ഒരുവിധത്തിലും ചോദ്യം ചെയ്യാൻ കഴിവില്ലാത്ത പന്ഥാവിലേക്ക് ലൈംഗികതാ സംവാദങ്ങളെ വഴിതിരിച്ചുവിടുന്നുവെന്നതാണ് പുതിയ ദൃശ്യതകൾ ഉയർത്തുന്ന ഏറ്റവും വലിയ അപായസൂചന. അതുകൊണ്ടുതന്നെ ന്യൂനപക്ഷ രാഷ്ട്രീയം ഒരു സമരായുധം മാത്രമാണെന്ന തിരിച്ചറിവ് നമ്മൾ നേടേണ്ടിയിരിക്കുന്നു. അതിന്റെ രാഷ്ട്രീയപ്രസക്തി പരിമിതികളുണ്ട്. ലൈംഗികരാഷ്ട്രീയം ഒരു ചെറിയ വിഭാഗത്തിന് ചില അപ്പകഷ്ണങ്ങൾ എറിഞ്ഞുകിട്ടാൻ വേണ്ടിയുള്ള സംരംഭമല്ല. മുഖ്യധാരയെന്ന മിഥ്യാധാരണയെ ആണ് ലൈംഗികതയുടെ രാഷ്ട്രീയം ചോദ്യം ചെയ്യേണ്ടത്. ലൈംഗികസ്വാതന്ത്ര്യപ്രഖ്യാപനം പുതിയൊരു കീഴാളസൃഷ്ടിക്കുവേണ്ടിയുള്ളതായി ചുരുക്കേണ്ടതില്ല. മറിച്ച് സ്വത്വാവിഷ്കാരസാധ്യതകളിലെ വാർപ്പുമാതൃകകളെ തകർത്തെറിഞ്ഞ് മനുഷ്യരാശിയെ മൊത്തത്തിൽ സ്വതന്ത്രമാക്കാനുള്ളതാണ്. ഇത്തരം ഒരവബോധം നയിക്കാത്തിടത്തോളം കാലം ഇവിടെ നടക്കുന്നുവെന്നു പറയപ്പെടുന്ന ലൈംഗികവിപ്ലവം പുതിയ ഇരകളെ സൃഷ്ടിക്കുന്നിടത്തു തന്നെ കുടുങ്ങിക്കിടക്കാനിടയുണ്ട്. വിമതലൈംഗികതകളെ ഏതെങ്കിലും വിധത്തിലുള്ള യഥാർത്ഥലൈംഗികതയുടെ അപരമായിട്ടല്ല കാണേണ്ടത്. അത്തരമൊരു മുഖ്യധാരാലൈംഗികഭാവനയുടെ മുഖംമൂടി വലിച്ചുകീറുകയെന്നതാണ് വിമതലൈംഗികതാരാഷ്ട്രീയത്തിന്റെ മുഖ്യധർമ്മം. അതോടൊപ്പംതന്നെ അരക്ഷിതവും അപകടകരവുമായ ജീവിത സാഹചര്യങ്ങളും ശൈലികളും ഉൽപാദിപ്പിക്കാനല്ല ഇത്തരം ഒരു രാഷ്ട്രീയം ഉപയോഗിക്കേണ്ടത്. എല്ലാ മനുഷ്യർക്കും ആത്മാഭിമാനത്തോടെ ആനന്ദകരവും അതോടൊപ്പം ആരോഗ്യകരവുമായ ലൈംഗികാസ്വാദനം സാദ്ധ്യമാക്കുകയെന്നതാകണം ഈ രാഷ്ട്രീയപ്രസ്ഥാനത്തിന്റെ സാമൂഹ്യലക്ഷ്യം.